പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5184 — 26.03.2018-ൽ മറുപടിക്ക്

## കോഴിക്കോട് നഗര റോഡ് വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സണ്ണി ജോസഫ്** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കോഴിക്കോട് നഗര റോഡ് വികസന പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 22.251 കി.മി ദൈർഘ്യമുള്ള 6 കോറിഡോറുകളുടെ പുനർ നിർമ്മാണം പൂർത്തീകരിച്ച പദ്ധതി ഇപ്പോൾ 15 വർഷത്തെ പരിപാലന ഘട്ടത്തിലുമാണ്. |
| (ബി) നഗര റോഡ് വികസന പദ്ധതി ഏതെങ്കിലും പുതിയ നഗരങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ; ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | (ബി) ആലപ്പുഴ നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 49.522 കി.മി ദൈർഘ്യമുള്ള 21 റോഡുകൾ 272.66 കോടി രൂപ നിർമ്മാണ ചെലവിൽ വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആന്വിറ്റി മാതൃകയിൽ നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള കൺസഷൻ എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതിനുള്ള അംഗീകാരം നൽകുന്ന ഘട്ടത്തിലുമാണ്. കൂടാതെ കണ്ണൂർ നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 47.79 കി.മി ദൈർഘ്യമുള്ള 12 കോറിഡോറുകൾ 401.467 കോടി രൂപ നിർമ്മാണ ചെലവിൽ പുനർ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. ഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച പ്രരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ നഗര റോഡ് വികസന പദ്ധതികൾ കൊല്ലം ജില്ലയിൽ ഏറ്റെടുക്കുന്നതിനുള്ള വിശദമായ പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ എപ്രകാരമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടി ബി.ഒ.റ്റി - ആന്വിറ്റി മാതൃകയിലാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതിയുടെ നിർമ്മാണവും 15 വർഷത്തെ പരിപാലനവും പദ്ധതി ഏറ്റെടുത്ത കൺസഷണർ കമ്പനിയിൽ നിക്ഷിപ്തമാണ്. കമ്പനിക്ക് 15 വർഷം കൊണ്ട് ആന്വിറ്റി മാതൃകയിൽ മുടക്കിയ തുക സർക്കാർ തിരികെ നൽകുന്നു. |

സെക്ഷൻ ഓഫീസർ